**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - കൊല്ലം ജില്ലയിലെ മൺറോതുരുത്ത് ഗ്രാമപഞ്ചായത്തിന്റെ 2009-10 വർഷത്തെ സംസ്ഥാന ഓഡിറ്റ് വകുപ്പ് റിപ്പോർട്ടിലെ ഖണ്ഡിക 3.4 പ്രകാരം തടസ്സപ്പെടുത്തിയ 2,75,000/- രൂപയ്ക്ക് (രണ്ട് ലക്ഷത്തി എഴുപത്തയ്യായിരം രൂപ മാത്രം) സർക്കാർ സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (എ ബി) വകുപ്പ്**

**സ.ഉ (സാധാ)നം. 1540/19/തസ്വഭവ.** **തിരുവനന്തപുരം, തീയതി: 22/07/2019**

---

**പരാമർശം:-** 1) പഞ്ചായത്ത് ഡയറക്ടറുടെ 04/09/2018 ലെ പി എ എൻ/21468/2018- എം 3 (ഡി പി) നമ്പർ കത്ത്.

2) കേരള സംസ്ഥാന ഓഡിറ്റ് ഡയറക്ടറുടെ 29/05/2019-ലെ ഡി.കെ.എസ്.എ/ 1329/2018/പി റ്റി 1 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

കൊല്ലം ജില്ലയിലെ മൺറോതുരുത്ത് ഗ്രാമപഞ്ചായത്തിന്റെ 2009-10 വർഷത്തെ സംസ്ഥാന ഓഡിറ്റ് വകുപ്പ് റിപ്പോർട്ടിലെ ഖണ്ഡിക 3.4 പ്രകാരം സബ് സിഡി മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ പാലിക്കാതെ പഞ്ചായത്ത് കമ്മറ്റിയുടെ തീരുമാന പ്രകാരം കിടാരികളെ പ്രാദേശിക കച്ചവടക്കാരിൽ നിന്നും വാങ്ങിയതിന് ചെലവഴിച്ച 2,75,000/- രൂപയ്ക്ക് തടസ്സവാദം ഉന്നയിച്ചിരുന്നു. സംസ്ഥാനത്തെ മൃഗസമ്പത്ത് വർദ്ധിപ്പിക്കുക, ഗുണഭോക്താക്കൾക്ക് മെച്ചപ്പെട്ട ഇനം മൃഗങ്ങളെ ലഭ്യമാക്കുക എന്നിവ ലക്ഷ്യമാക്കി 11/07/2008 ലെ ജി ഒ (എം എസ്) 199/08/തസ്വഭവ നമ്പർ സബ് സിഡി മാർഗ്ഗരേഖയിൽ പശു, എരുമ മുതലായ വലിയ ഇനം മൃഗങ്ങളെ വാങ്ങുമ്പോൾ സംസ്ഥാനത്തിന് പുറത്തുനിന്ന് മാത്രമെ വാങ്ങാൻ പാടുള്ളൂ എന്ന് നിർദ്ദേശിച്ചിരിക്കുന്നു. മാത്രമല്ല തെരഞ്ഞെടുക്കപ്പെട്ട ഗുണഭോക്താക്കളിൽ നിന്നും അവരാൽ തെരഞ്ഞെടുക്കപ്പെട്ട ഗുണഭോക്തൃസമിതി രൂപീകരിച്ച് പ്രസ്തുത സമിതി മുഖേന മൃഗങ്ങളെ വിലയ്ക്ക വാങ്ങേണ്ടതാണ്. എന്നാൽ ഇത്തരം നടപടി ക്രമങ്ങളൊന്നും പാലിക്കാതിരുന്നതുകൊണ്ടാണ് ഓഡിറ്റിൽ ടി തുക തടസ്സപ്പെടുത്തിയത്.

2. എന്നാൽ ഗുണഭോക്തൃസമിതി രൂപീകരിച്ച് നടപടിക്രമം പാലിച്ച് പഞ്ചായത്ത് സമിതിയുടെ നിർദ്ദേശം അനുസരിച്ചാണ് കിടാരികളെ വാങ്ങിയതെന്നും ഈ നടപടി വഴി സർക്കാരിനോ പഞ്ചായത്തിനോ യാതൊരു വിധ സാമ്പത്തിക നഷ്ടവും സംഭവിച്ചിട്ടില്ലായെന്നും സമയബന്ധിതമായി പദ്ധതി നടപ്പിലാക്കുന്നതിന്റെ തിരക്കിൽ സംഭവിച്ച നടപടിക്രമങ്ങളുടെ വീഴ്ച മാപ്പാക്കി ഓഡിറ്റ് തടസ്സപ്പെടുത്തിയ തുകയ്ക്ക് സർക്കാർ സാധൂകരണം നൽകണമെന്നും ഗ്രാമപഞ്ചായത്ത് അഭ്യർത്ഥിച്ചിരിക്കുന്നതായി പഞ്ചായത്ത് ഡയറക്ടർ പരാമർശം (1) പ്രകാരം അറിയിച്ചിട്ടുണ്ട്.

3. 12-ാം പദ്ധതിയുടെ പുതുക്കിയ മാർഗ്ഗരേഖയിലെ മൃഗസംരക്ഷണം, ക്ഷീരവികസനം സബ് സിഡി മാർഗ്ഗരേഖയോടൊപ്പമുള്ള കുറിപ്പിൽ നാലാമത്തെ ഇനമായി 'ഉരുക്കളെ സംസ്ഥാനത്തിന് പുറത്ത് നിന്ന് തന്നെ വാങ്ങണമെന്ന് നിർബന്ധമില്ല; ഗുണമേന്മ നിർവ്വഹണോദ്യോഗസ്ഥൻ ഉറപ്പാക്കിയാൽ മതി' എന്ന് ഉൾപ്പെടുത്തിയിട്ടുണ്ട്. കൂടാതെ മൺറോതുരുത്ത് ഗ്രാമപഞ്ചായത്ത് കമ്മറ്റിയുടെ 07/11/2017 ലെ 4 (3) നമ്പർ തീരുമാനം, ജില്ലാതല ഓഡിറ്റ് മോണിറ്ററിംഗ് സമിതിയുടെ 13/06/2018 ലെ അനുകൂല ശിപാർശ എന്നിവയുടെ അടിസ്ഥാനത്തിലും, കൊല്ലം ജില്ലയിലെ മൺറോതുരുത്ത് ഗ്രാമപഞ്ചായത്തിന്റെ 2009-10 വർഷത്തെ സംസ്ഥാന ഓഡിറ്റ് വകുപ്പ് റിപ്പോർട്ടിലെ ഖണ്ഡിക 3.4 പ്രകാരം 2,75,000/- രൂപ തടസ്സപ്പെടുത്തിയതിന് സാധൂകരണം നൽകുന്നതിന് എതിരഭിപ്രായമില്ലെന്നും സർക്കാരിന് ഉചിതമായ തീരുമാനം എടുക്കാവുന്നതാണെന്നും പരാമർശം (2) പ്രകാരം സംസ്ഥാന ആഡിറ്റ് വകുപ്പ് ഡയറക്ടറും അറിയിച്ചിട്ടുണ്ട്.

4. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ജില്ലാതല മോണിറ്ററിംഗ് സമിതിയുടെ തീരുമാനം, പഞ്ചായത്ത് ഡയറക്ടറുടെ ശുപാർശ, ആഡിറ്റ് വകുപ്പ് ഡയറക്ടറുടെ റിപ്പോർട്ട് എന്നിവയുടെ അടിസ്ഥാനത്തിൽ കൊല്ലം ജില്ലയിലെ മൺറോതുരുത്ത് ഗ്രാമപഞ്ചായത്തിന്റെ 2009-10 വർഷത്തെ സംസ്ഥാന ഓഡിറ്റ് വകുപ്പ് റിപ്പോർട്ടിലെ ഖണ്ഡിക 3.4 പ്രകാരം തടസ്സപ്പെടുത്തിയ 2,75,000/- രൂപയ്ക്ക് (രണ്ട് ലക്ഷത്തി എഴുപത്തയ്യായിരം രൂപ മാത്രം) സാധൂകരണം നൽകി സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,

**ജെയ്സി പോൾ**

**അണ്ടർ സെക്രട്ടറി**

സ്റ്റേറ്റ് ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കൊല്ലം
സെക്രട്ടറി, മൺറോതുരുത്ത് ഗ്രാമ പഞ്ചായത്ത്, കൊല്ലം
ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം (സർക്കാർ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
വെബ് & ന്യൂ മീഡിയ, വിവര പൊതുജനസമ്പർക്കവകുപ്പ്
സ്റ്റോക്ക് ഫയൽ, ഓഫീസ് കോപ്പി

**ഉത്തരവിൻ പ്രകാരം,**

**സെക്ഷൻ ഓഫീസർ**